# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം: പഞ്ചായത്ത് വകുപ്പ് ഭരണ ജാഗ്രത - തിരുവനന്തപുരം ജില്ല വെള്ളനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.വി സുരേഷ് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വികസന സെമിനാർ സംബന്ധിച്ച സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ വിളിച്ചുചേർക്കുകയും, പഞ്ചായത്ത് കമ്മറ്റി മിനിറ്റ്സുകൾ യഥാസമയം എഴുതി പൂർത്തിയാക്കാതെ ഔദ്യോഗിക കൃത്യവിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:
1. വെള്ളനാട് ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ 25.05.2017 ലെ പരാതി.
2. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.05.2017 ലെ പി.എ3-6822/17 നമ്പർ റിപ്പോർട്ട്.

## ഉത്തരവ് നമ്പർ ഡി3-18358/17 തീയതി 27.05.2017

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമ പഞ്ചായത്തിലെ 2017-18 വർഷത്തെ വാർഷിക പദ്ധതിയോടനുബന്ധിച്ച വികസനസെമിനാർ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സെക്രട്ടറി വിളിച്ചു ചേർത്തതിനാൽ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും പൊതുജനങ്ങളും പ്രതിഷേധിക്കുകയും വികസനസെമിനാർ അലങ്കോലപ്പെടുകയും ചെയ്തതായി പരാമർശം (1) പ്രകാരം പരാതി ലഭിച്ചിരുന്നു.

ബഹു. സർക്കാരിന്റെ 29.03.2017 ലെ സ.ഉ(എം.എസ്സ്) നം. 72/2017/തസ്വഭവ. ഉത്തരവ് ഖണ്ഡിക 4 ലെ വികസന സെമിനാറിൽ നിയമപരമായും നിർബന്ധമായും പാലിച്ചിരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളൊന്നും പാലിക്കാതെ വികസന സെമിനാർ സെക്രട്ടറി വിളിച്ചുചേർത്തത് ഗുരുതരമായ ചട്ട ലംഘനമാണെന്നും, വെള്ളനാട് ഗ്രാമ പഞ്ചായത്തിലെ മുൻകാല പെർഫോമൻസ് ആഡിറ്റ് പരിശോധനകളിലും പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിറ്റ്സുകൾ ചട്ടപ്രകാരം എഴുതി പൂർത്തിയാക്കി ക്ലോസ്സ് ചെയ്തിട്ടില്ലെന്നും ഇത് സംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും ടി അപാകതകൾ പരിഹരിക്കാതെ തുടർന്നും മേൽ ക്രമവിരുദ്ധനടപടി ആവർത്തിക്കുന്നതായും ഇത് വ്യാപകമായ പരാതികൾക്ക് കാരണമായിട്ടുള്ളതായും സെക്രട്ടറിയായ ശ്രീ. കെ.വി. സുരേഷിന്റെ ഭാഗത്തുനിന്നുള്ള മേൽ ഗുരുതരമായ ചട്ടലംഘനം അംഗീകരിക്കാൻ കഴിയാത്ത വീഴ്ചയാണെന്നും പരാമർശം (2) പ്രകാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മേൽ വിവരിച്ച ഗുരുതരമായ ചട്ടലംഘനവും കൃത്യവിലോപവും അച്ചടക്കലംഘനവും നടത്തിവരുന്ന വെള്ളനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.വി സുരേഷിനെ അച്ചടക്ക നടപടികൾക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സസ്പെൻഡുചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. കെ.വി. സുരേഷിന് നിയമാനുസൃതമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

പി. ബാലകിരൺ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീ. കെ.വി. സുരേഷ്, സെക്രട്ടറി, വെള്ളനാട് ഗ്രാമ പഞ്ചായത്ത്
(തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:
1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
(ആവശ്യമായ ചാർജ്ജ് അറേഞ്ച്മെന്റ് നടത്തുന്നതിന്)
2. സൂപ്രണ്ട് ഇ സെക്ഷൻ
3. കരുതൽ/അധികം

സി.എസ്. 27.05.17